2342
28/2/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി 2014 -15 പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ ഐസിഡിഎസ് ബ്ലോക്കടിസ്ഥാനത്തിൽ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

സ.ഉ(സാധാ) നം.113 /2015/സാനീവ

തീയതി, തിരുവനന്തപുരം, 25.02.2015

---

പരാമർശം : 1) സ.ഉ(സാധാ)നം. 334/2014/സാനീവ തീയതി, 13.05.2014 നമ്പർ ഉത്തരവ്
2) സാമൂഹ്യനീതി ഡയറക്ടറുടെ 06.08.2014 ലെ ഐസിഡിഎസ്.എ1-8833/14 നമ്പർ കത്ത്.

**ഉത്തരവ്**

സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ 33115 അങ്കണവാടികൾക്ക് ആവശ്യമായ പ്രീസ്കൂൾ കിറ്റുകൾ ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ വാങ്ങി നൽകുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ഡയറക്ടറേറ്റ് തലത്തിൽ പർച്ചേഴ്സ് നടത്തുകയാണെങ്കിൽ ഒരേ തരത്തിലുള്ള കളിസാമഗ്രികൾ എല്ലാ അങ്കണവാടികളിലും ലഭ്യമാകുന്ന അവസ്ഥയുണ്ടാകുമെന്നും കേരളത്തിലെ വിഭിന്ന മേഖലകളിൽ നിന്നും അങ്കണവാടികളിലെത്തുന്ന കുട്ടികൾക്ക് പ്രാദേശികമായ പ്രത്യേകതകൾക്കനുസൃതവും അവരുടെ അഭിരുചിക്കനുസൃതവുമായ കളി സാമഗ്രികളും പഠനോപകരണങ്ങളുമാണ് നൽകേണ്ടതെന്നും നിലവിൽ ഓരോ അങ്കണവാടി കേന്ദ്രത്തിലും ഏതെല്ലാം പഠനോപകരണങ്ങളും കളിക്കോപ്പുകളും ലഭ്യമാണ് എന്നതു കൂടി കണക്കിലെടുത്തിട്ടാണ് പുതിയവ വാങ്ങുന്നതെന്നും സാമൂഹ്യനീതി ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ 2012 - ലെ ശൈശവ പൂർവ്വകാല വിദ്യാഭ്യാസവും പരിചരണവും എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ അങ്കണവാടികളിലും അനൗപചാരിക വിദ്യഭ്യാസത്തിന്റെ ഘടനയിലും പഠന പ്രവർത്തനത്തിലും മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുകയാണെന്നും, അങ്കണവാടികളിൽ എത്തിചേരുന്ന കുട്ടികളുടെ സക്ഷ്മ പേശിവികസനം, സ്ഥൂല പേശീവികസനം, ഭാഷാവികസനം സർഗ്ഗാത്മക പ്രവർത്തനങ്ങൾ, വായന സന്നദ്ധത എന്നിവയ്ക്ക് വേണ്ടി കളി സാമഗ്രികൾ ബ്ലോക്ക് തലത്തിൽ ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്യുന്ന പ്രകാരം ശിശുപദ്ധതി വികസന ഓഫീസർ തലത്തിൽ വാങ്ങുന്നത് ഉചിതമായിരിക്കുമെന്നും, പ്രസ്തുത സാഹചര്യത്തിൽ ഐസിഡിഎസ് ബ്ലോക്ക് തലത്തിൽ പ്രീസ്കൂൾ കിറ്റുകൾ വാങ്ങുന്നതിന് അനുമതി നൽകണമെന്നും സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻ പ്രകാരം 2014-15 വർഷത്തേയ്ക്ക് അങ്കണവാടികൾക്കാവശ്യമായ പ്രീസ്കൂൾ കിറ്റുകൾ ഇ-ടെണ്ടർ ഒഴിവാക്കി ഐസിഡിഎസ് ബ്ലോക്കടിസ്ഥാനത്തിൽ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ലീലാമണി.കെ.എം
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (10.02.2015 ലെ 72793/WW3/14/Fin.പ്രകാരം)
✓വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ